പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 13.07.2015 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 2865

## കടലോരപ്രദേശത്തെ തീക്കാറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ കാണപ്പെടുന്ന അസാധാരണ പ്രതിഭാസമായ തീക്കാറ്റിന്റെ ശാസ്ത്രീയവശം കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | **എ)** സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ കാണപ്പെടുന്ന പ്രതിഭാസത്തെക്കുറിച്ച് കോഴിക്കോടുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം തൃശ്ശൂരിലെ കെ.എഫ്.ആർ.ഐ എന്നീ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. പഠനത്തിലെ നിഗമനങ്ങൾ പരിശോധിച്ച് വരികയാണ്. |
| (ബി)ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനായി ശാസ്ത്രജ്ഞരെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | **ബി)** കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കോഴിക്കോടുള്ള സി.ഡബ്ല്യൂ. ആർ.ഡി.എംനോടും തൃശ്ശൂരിലെ കെ.എഫ്. ആർ.ഐയോടും പഠനം നടത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു. |
| (സി) ഇതുമൂലം കടലോര ജനതയ്ക്കുണ്ടായിട്ടുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | **സി)** വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങളിലെ നിഗമനങ്ങൾ പരിശോധിച്ച് ശരിയായ വസ്തുത ജനങ്ങളെ അറിയിക്കുന്നതിലൂടെ അവരുടെ ഭയാശങ്കകൾ മാറ്റുവാൻസാധിക്കും |

സെക്ഷൻ ഓഫീസർ